# അനുബന്ധം

ധ്യാനാവസ്ഥയിലിരുന്ന മനസ്സിനുള്ളിലേക്ക് ഒഴുകിയെത്താൻ തുടങ്ങിയ ശാന്തിയുടെ അമോഘപ്രവാഹത്തെ എന്തോ തട്ടിയകറ്റിയെന്ന് അനുഭവപ്പെട്ടപ്പോൾ സുദാമാവ് കണ്ണുതുറന്നു. കോപം അദ്ദേഹത്തിൻെറ ഉള്ളിലെങ്ങോ മുളപൊട്ടി. എന്നാൽ തനിക്ക് അന്യമായ ആ മനസ്സിൽ അതിന് വളരാനാകാഞ്ഞതിനാൽ അത് ദു:ഖത്തിൻെറ നാമ്പായി രൂപം മാറി. പക്ഷെ ആ രൂപത്തിലും അവിടെ നിലനിൽപ്പില്ലെന്നു ബോധ്യമായപ്പോൾ അത് ദേവിയുടെ മനസ്സിലേക്ക് ചേക്കേറി.

'ഭഗവാൻ എന്തിന് ഞങ്ങളോടിങ്ങനെ ചെയ്തു?' ദേവി ചിന്തിച്ചു. 'പട്ടിണിയിലും ഒരു സ്വസ്ഥതയുണ്ടായിരുന്നു. പക്ഷെ ഇന്നോ? വേണ്ടതിലേറെ ധനം. വലിയ ബംഗ്ലാവ്. വിലയേറിയ വസ്ത്രാഭരണങ്ങൾ. പക്ഷെ അദ്ദേഹത്തിന് സ്വൈരമായിരുന്ന് ധ്യാനിക്കാൻ പോലുമാകുന്നില്ലല്ലോ?

കടന്നുപോയ കാലങ്ങളെപ്പറ്റി ദേവി ചിന്തിച്ചു.

ആശ്രമത്തിലെ വിദ്യാഭ്യാസകാലത്ത് സുദാമാവിൻെറ ഒരേ ഒരു കൂട്ടുകാരനായിരുന്നു ക്രുഷ്ണഭഗവാൻ. അതിനുശേഷം തമ്മിൽ കണ്ടിട്ടില്ലെങ്കിലും തന്നെ കണ്ടാൽ ഭഗവാൻ തിരിച്ചറിയുമെന്ന് അദ്ദേഹത്തിനുറപ്പായിരുന്നു. ധ്യാനവേളകളിലൊഴികെ മറ്റെല്ലായ്പ്പോഴും ഭഗവാനെപ്പറ്റി സംസാരിക്കുന്നതിലായിരുന്നു അദ്ദേഹത്തിന് താൽപര്യം. അതുകൊണ്ടാണ് ഭഗവാനെപ്പോയിക്കണ്ട് തങ്ങളുടെ ദാരിദ്ര്യത്തിന് നിവർത്തിയുണ്ടാക്കാൻ ദേവി അദ്ദേഹത്തെ പ്രേരിപ്പിച്ചുകൊണ്ടിരുന്നത്. ആദ്യമൊന്നും സുദാമാവ് അതിന് തയാറായില്ല. ഒടുവിൽ കുട്ടികൾക്ക് ഭക്ഷണത്തിനെന്തെങ്കിലും ലഭിച്ചാൽ അവരുടെ കരച്ചിലടങ്ങുമെന്നും അത് ധ്യാനത്തിന് സൗകര്യമാകുമെന്നും ദേവി പറഞ്ഞപ്പോൾ അദ്ദേഹം പോകാൻ തയാറായി. വാസ്തവത്തിൽ ഭഗവാനെ ഒന്നുകാണാൻ അതിയായ മോഹമായിരുന്നു അദ്ദേഹത്തിന്. തൻെറ പട്ടിണിക്കഥകളും ദീനതയാർന്ന ദേഹവും വസ്ത്രങ്ങളും കൂട്ടുകാരൻെറ മുൻപിൽ അവതരിപ്പിക്കുന്നതിലായിരുന്നു അദ്ദേഹത്തിന് ലജ്ജ.

സ്നേഹിതന് കാഴ്ചവയ്ക്കാനായി പലരോടും യാചിച്ചുവാങ്ങിയ നെല്ലിടിച്ചുണ്ടാക്കിയ അൽപം അവിൽ കൊടുത്തയച്ചതുപോലും കീറത്തുണിയിൽ കെട്ടിയാണ്.

എന്നിട്ടോ? അദ്ദേഹം തിരിച്ചെത്തുന്നതിനു മുൻപുതന്നെ ഇവിടെ എല്ലാം മാറിക്കഴിഞ്ഞിരുന്നു. കൊട്ടാരം പോലെയുള്ള ബംഗ്ലാവ്, പരിചാരകർ, ആഭരണങ്ങൾ, തുണിത്തരങ്ങൾ, പണം. തിരിച്ചെത്തിയപ്പോൾ ഭർത്താവിന് ആദ്യം തങ്ങളെ മനസിലായില്ലെന്ന് ഓർമ്മവന്നപ്പോൾ മനപ്രയാസങ്ങൾക്കിടയിലും ദേവി പുഞ്ചിരിച്ചുപോയി.

"പക്ഷെ ഇതെല്ലാം എങ്ങിനെ സംഭവിച്ചു? അദ്ദേഹത്തോട് എന്തെങ്കിലും ആവശ്യപ്പെടാൻ കൂടി ഞാൻ മറന്നുപോയതാണല്ലോ?"

“എല്ലാം അറിയുന്ന ആളല്ലേ ഭഗവാൻ? അങ്ങു പറയാതെതന്നെ എല്ലാം അറിഞ്ഞു. ഇതൊന്നും അങ്ങയോടു പറയാഞ്ഞത് അങ്ങയെ അതിശയിപ്പിക്കാമെന്നു കരുതിയാകാം.”

വീടിന് ശാന്തിനിലയം എന്നു പേരിട്ടത് ദേവിയായിരുന്നു.

മക്കളെല്ലാം അന്ന് ചെറിയ കുട്ടികളായിരുന്നു. സ്വാദിഷ്ടമായ ആഹാരവും പുതിയ വസ്ത്രങ്ങളും മതിയായിരുന്നു അവർക്ക്. അവരോടൊപ്പം പുതിയ വസ്ത്രങ്ങളും ആഭരണങ്ങളും ദേവിയും അണിഞ്ഞു. സ്വാദിഷ്ടമായ ഭക്ഷണം ആസ്വദിച്ചു. സുദാമാവുമാത്രം തൻെറ തികച്ചും ലളിതമായ ജീവിതശൈലിയിൽനിന്ന് അൽപ്പവും വ്യതിചലിക്കാൻ തയാറായില്ല.

കുട്ടികൾക്ക് പ്രായമാകുന്നതുവരെ ജീവിതം ശാന്തമായി തുടർന്നു. പിന്നീടാണ് അശാന്തിയുടെ ആവിർഭാവം.

പുതിയപുതിയ കളിപ്പാട്ടങ്ങൾക്ക് പിന്നാലെപോയ കുട്ടികൾ വലുതായതോടെ പുതിയപുതിയ ആഡംബരവസ്തുക്കൾ സ്വന്തമാക്കാൻ തുടങ്ങി. അതുമൂലം വീട്ടിലെ സ്വസ്ഥത നശിക്കുന്നിടത്താണ് പ്രശ്നം തുടങ്ങിയത്. റേഡിയൊ, റ്റി. വി., മ്യൂസിക് സിസ്റ്റം, മൊബൈൽ ഫോൺ, കമ്പ്യൂട്ടർ, കാറുകൾ തുടങ്ങി വാങ്ങാൻ കിട്ടുമായിരുന്നതെല്ലാം ഒന്നൊന്നായി വാങ്ങിക്കൂട്ടാൻ മക്കൾ തുനിഞ്ഞപ്പോൾ ഇതെല്ലാം അനാവശ്യമാണെന്നോ അധികച്ചിലവാണെന്നോ പറഞ്ഞു തടയാൻ പോലും ആർക്കും കഴിഞ്ഞില്ല. കാരണം വീട്ടിൽ ആവശ്യത്തിലേറെ പണമുണ്ടായിരുന്നു എന്നകാര്യം കുട്ടികൾക്ക് അറിയാമായിരുന്നു എന്നതുതന്നെ. അവരുടെ ലോകം ആ യന്ത്രങ്ങളുടെ സാമീപ്യത്തിൽ മാത്രമായിരുന്നു നിലനിന്നത്. തങ്ങളുടെ പ്രവർത്തികൾ മാതാപിതാക്കൾക്കുണ്ടാക്കുന്ന അസൗകര്യങ്ങളേപ്പറ്റിയോ അസ്വസ്ഥതകളേപ്പറ്റിയോ അവർ തെല്ലും ഗൗനിച്ചില്ല. സ്വാർഥതാപൂരണമെന്ന ഒരൊറ്റക്കാര്യത്തിനുവേണ്ടി എന്തുചെയ്യാനും അവർക്ക് മടിയില്ലായിരുന്നു. ഏറ്റവും കൂടുതൽ ശബ്ദമുണ്ടാക്കിയാലേ വിജയിക്കാനും വലിയ നേതാവാകാനും കഴിയൂ എന്നു വിശ്വസിച്ചിരുന്ന അവരുടെ മുൻപിൽ ദേവിയുടെ അപേക്ഷകളും ഉപദേശങ്ങളും വനരോദനങ്ങളായി മാറി. അവർ തമ്മിൽ എന്തെങ്കിലും കാരണം പറഞ്ഞ് നിരന്തരം ശണ്ഠകൂടിക്കൊണ്ടിരുന്നു. അത് അവസാനിക്കുന്നത് അടിപിടിയിലും രോദനങ്ങളിലും ശാപവചസ്സുകളിലുമായിരുന്നു. തങ്ങളുടെ അറിവിനപ്പുറമുള്ള ലോകം തികച്ചും അർഥഹീനമാണെന്ന് അവർ മനസ്സിലുറപ്പിച്ചിരുന്നു. ആകപ്പാടെ ശാന്തിനിലയത്തിലേക്ക് ശാന്തിമാതാവിൻെറ കടന്നുവരവ് കുട്ടികൾ ഉറങ്ങുമ്പോൾ മാത്രമായിരുന്നു.

പൂർണ്ണയുവത്വത്തിലെത്തിക്കഴിഞ്ഞിരുന്ന മൂത്തമകൻ സ്ഥിരമായി മദ്യപിക്കാറുണ്ടെന്ന് ദേവി അറിഞ്ഞിരുന്നു. ചിലരാത്രികളിൽ വേശ്യാസ്ത്രീകളോടൊപ്പമാണ് അവൻ കഴിച്ചുകൂട്ടിയിരുന്നതെന്നും ആ അമ്മ മനസിലാക്കിയിരുന്നു.

രണ്ടുദിവസത്തിനുമുൻപുണ്ടായ ഒരു സംഭവം ദേവി ഓർത്തു. ഏറ്റവും ഇളയ മകനോടൊപ്പം അവൻെറ ഒരു സ്നേഹിതനുമുണ്ടായിരുന്നു. അവൻ ആദ്യമായി വീട്ടിൽ വന്നതാണെന്നു തോന്നി. അൽപം കഴിഞ്ഞ് അവൻെറ ശബ്ദം ഉയർന്നുകേട്ടപ്പോൾ ദേവി

അങ്ങോട്ടുനോക്കി. സുദാമാവിനെ ചൂണ്ടിക്കൊണ്ട് ഈ വേലക്കാരൻ മഹാനിഷേധിയാണെന്നും ഇവനെ ഉടനെ പിരിച്ചുവിടണമെന്നും മകനോട് അവൻ പറയുന്നതുകേട്ട് ദേവി ഞെട്ടിപ്പോയി. പക്ഷെ മകനാകട്ടെ, കൂട്ടുകാരനെ തിരുത്തുന്നതിനുപകരം അച്ഛനോട് ഒരു വേലക്കാരനോടെന്നവണ്ണം തട്ടിക്കയറുകയാണ് ചെയ്തത്.

ശബ്ദങ്ങൾ ദേവിയെ ചിന്തയിൽനിന്നുണർത്തി. വീട്ടിൽനിന്നകലെ മാഞ്ചുവട്ടിലിരിക്കുന്ന ഭർത്താവിൻെറ നേരേനോക്കിയ അവരുടെ കണ്ണുനിറഞ്ഞു. അവർ ഭർത്താവിൻെറ അടുത്തേക്കുനീങ്ങി.

"ഈ ലഹളയൊന്നും അങ്ങ് കേൾക്കുന്നില്ലേ?"

ഇതെല്ലാം വിധിയാണെന്ന് ഭാര്യയെ സമാധാനിപ്പിച്ചിട്ട് അദ്ദേഹം തുടർന്നുപറഞ്ഞു.

"ദേവി ഒരു സംഗതി മനസ്സിലാക്കിക്കൊള്ളൂ. സമ്പത്തിൻെറ നിറവിൽ ശാന്തി അകന്നുമാറുകയാണ് പതിവ്. ദേവി സമ്പത്തിനുവേണ്ടിയാണ് ആഗ്രഹിച്ചത്. അതു ലഭിക്കുകയും ചെയ്തു. പക്ഷെ അതോടെ ശാന്തിമാതാവ് അകന്നുപോയി. ഇത് ലോകനിയമമാണ്. അതുകൊണ്ടാണ് ഒട്ടകം സൂചിക്കുഴയിലൂടെ കടന്നുപോകുന്നതിനേക്കാൾ പ്രയാസമാണ് ധനികൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നത് എന്ന് ഒരു യോഗി പറഞ്ഞത്.

അൽപം കഴിഞ്ഞ് ദേവി ചോദിച്ചു: "ഇനിയെന്തുചെയ്യും?"

"അത് ദേവി തീരുമാനിക്കണം."

"പക്ഷെ വ്യക്തമായി ചിന്തിക്കാൻപോലും എനിക്ക് കഴിയുന്നില്ലല്ലോ?" വിവശതയോടെ ദേവി പറഞ്ഞു.

"എങ്കിൽ എന്താണ് വേണ്ടതെന്നു പറയൂ."

"സമാധാനം. ശാന്തി. മറ്റൊന്നും വേണ്ട എനിക്ക്."

"എന്നാൽ ഒരൽപ്പനേരം കണ്ണടച്ചോളൂ. എന്നിട്ട് ഭഗവാനെ സ്മരിക്കൂ."

അൽപ്പസമയം കഴിഞ്ഞു. സുദാമാവ് ചൂണ്ടുവിരൽ ദേവിയുടെ പുരികങ്ങൾക്കിടയിലായി അമർത്തി. ഉറക്കത്തിൽനിന്നും ഉണരുന്നതുപോലെ ദേവി കണ്ണുതുറന്നു.

മുൻപിൽ കണ്ടകാഴ്ച അവിശ്വസനീയമായിരുന്നു. കണ്ണുകൾ അടച്ചുതുറന്നിട്ട് അവർ വീണ്ടും നോക്കി.

കൊട്ടാരസദൃശമായിരുന്ന ഗൃഹം അന്തർദ്ധാനം ചെയ്തിരിക്കുന്നു! ആ സ്ഥാനത്ത് തങ്ങളുടെ പഴയ കുടിൽ!

ആഡംബരങ്ങളെല്ലാം അപ്രത്യക്ഷമായിരിക്കുന്നു! പുതിയ വസ്ത്രങ്ങൾ, ആഭരണങ്ങൾ, ധനം, എല്ലാം പോയ്മറഞ്ഞിരിക്കുന്നു! പക്ഷെ ദേവിയെ ഏറ്റവും കൂടുതൽ അതിശയിപ്പിച്ചത് ഇതൊന്നുമല്ല. മക്കളെല്ലാം ചെറിയ കുട്ടികളായി മാറിയിരിക്കുന്നു! പണവും ആഭരണവുമെല്ലാം വരുന്നതിനുമുൻപ് എങ്ങനെയിരുന്നോ, അതുപോലെ. ദാരിദ്ര്യം അന്നത്തേതുപോലെ തിരിച്ചെത്തിയിരിക്കുന്നു! പക്ഷെ ആ സമ്പത്തിനോടൊപ്പം തൻെറ മനസ്സിലെ വേവലാതികളും അപ്രത്യക്ഷമായെന്ന് ദേവി അറിഞ്ഞു. ഇപ്പോൾ ആകെയുള്ളത് അതിശയം മാത്രം. എല്ലാം ലഭിച്ചപ്പോഴുണ്ടായ അതേ അതിശയം.

അവർ ഭർത്താവിൻെറ നേരെ നോക്കി. അദ്ദേഹം ചിരിക്കുകയാണ്.

"ഒരു നിമിഷം കൊണ്ട് ഇതെല്ലാം എങ്ങനെ സംഭവിച്ചു? ദയവായി പറഞ്ഞുതരൂ."

"ദേവിയുടെ മനസ്സിലെങ്ങോ ധനികയാകണമെന്ന ഒരു ആഗ്രഹമുണ്ടായിരുന്നു. അത് പൂർത്തീകരിക്കാനും അതോടൊപ്പം ശാന്തിയെന്നത് സമ്പത്തിനേക്കാൾ എത്രയോ മഹത്താണെന്നു് മനസ്സിലാക്കിത്തരാനുമായി ഭഗവാൻ നമ്മെ ഒരു സ്വപ്നാവസ്ഥയിൽ കാലദേശങ്ങൾക്കുമപ്പുറം കടത്തി. ഇപ്പോൾ നമ്മൾ ആ അവസ്ഥയിൽനിന്നും തിരിച്ചെത്തിയിരിക്കുന്നു.

“പക്ഷെ കുട്ടികൾക്ക് ഇതൊരു ആഘാതമാകില്ലേ സ്വാമീ?”

“ഇല്ല. അതെല്ലാം അവരുടെ ബോധമണ്ഡലത്തിൽനിന്ന് എന്നെന്നേക്കുമായി മറഞ്ഞുകഴിഞ്ഞു.”

“എനിക്ക് അതിയായ സന്തോഷമുണ്ട്. ഇതെല്ലാം ബോദ്ധ്യപ്പെടുത്തിത്തന്ന ഭഗവാനോട് നന്ദിയുമുണ്ട്.”

%%%%%%%%%%%%%%%%

കൃഷ്ണ